## പഞ്ചായത്ത് വകുപ്പ്, തൃശ്ശൂർ ജില്ല

പ©ായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, തൃശ്ശൂർ

### *ഗ്രാമ പഞ്ചായത്തുകൾ മുഖേന ലഭ്യമാകുന്ന സേവനങ്ങൾ*

- സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതികൾ
- ജനന – മരണ രജിസ്ട്രേഷൻ
- ഹിന്ദു വിവാഹ രജിസ്ട്രേഷൻ
- തൊഴിൽ രഹിത വേതനം
- പ©ായത്തിൽ നി¶ും ലഭ്യമാകു¶ സാക്ഷ്യപത്രങ്ങൾ

- **പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, തൃശ്ശൂർ**

**പബ്ലിക് ഇൻഫർമേഷൻ ആഫീസർ**

ശ്രീ.വി.വി. ജോസ്
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, തൃശ്ശൂർ
ഫോൺ നമ്പർ – 95487 2360354 (ഓഫീസ്)
മൊബൈൽ – 9447261991

**അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ**

ശ്രീ.കെ.പി.ആന്റണി
ജൂനിയർസൂപ്രണ്ട്
ഫോൺ നമ്പർ – 95487 2360616 (ഓഫീസ്)
മൊബൈൽ നമ്പർ – 9387163003

**അപ്പലേറ്റ് അതോറിറ്റി**

ശ്രീ.പി.പി. ഭാസ്ക്കരൻ
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
ഫോൺ നമ്പർ – 95487 2360616 (ഓഫീസ്)
മൊബൈൽ 9446317782

## സാമുഹ്യ സുരക്ഷാ പെൻഷൻ പദ്ധതികൾ

(ഒരാൾക്ക് ഒരു പെൻഷന് മാത്രമേ അർഹത ഉണ്ടായിരുക്കുകയുള്ളൂ.)

*1. കർഷക തൊഴിലാളി പെൻഷൻ- പ്രതിമാസം 120/- രൂപ.*

*1.1. അപേക്ഷകൻ കർഷകതൊഴിലാളിയായിരിക്കണം.*
*1.2. അപേക്ഷാ തിയതിയിൽ 60 വയസ്സ് പൂർത്തീകരിക്കണം.*
*1.3. അപേക്ഷകന്റെ കുടുംബവാർഷിക വരുമാനം 11,000 രൂപയിൽ താഴെയായിരിക്കണം (വരുമാനം കണക്കാക്കുമ്പോൾ അപേക്ഷകന്റെ ഭാര്യ, ഭർത്താവ്, പ്രായപൂർത്തിയായ അവിവാഹിതരായ ആൺമക്കൾ എന്നിവരുടെ വരുമാനമാണ് കണക്കിലെടുക്കുന്നത്).*
*1.4. 01/01/2002 മുതൽ 1974-ലെ കർഷക തൊഴിലാളി നിയമ പ്രകാരമുള്ള ക്ഷേമനിധിയിൽ അംഗമായിരിക്കണം.*

*ലേബർ ആഫീസിൽ നിന്നും അലോട്ട്മെന്റ് ലഭ്യമാകുന്നതനുസരിച്ച് പെൻഷൻ തുക മണിയോർഡർ ആയി അയയ്ക്കുന്നതാണ്.*

2. വിധവ പെൻഷൻ - പ്രതിമാസം 110/- രൂപ

*2.1. പ്രതിമാസ കുടുംബ വരുമാനം 300/- രൂപയിൽ കവിയാൻ പാടില്ല.*
*2.2. അപേക്ഷ സമർപ്പിക്കുന്നതിന് തൊട്ട് മുൻപ് കേരളത്തിൽ തുടർച്ചയായി രണ്ട് വർഷമെങ്കിലും താമസിച്ചിരിക്കണം.*
*2.3. വിധവകൾക്കും വിവാഹമോചനം നേടിയ സ്ത്രീകൾക്കും 7 വർഷമായി ഭർത്താവിനെക്കുറിച്ച് യാതൊരു വിവരവുമില്ലാത്ത സ്ത്രീകൾക്കും വിധവാ പെൻഷന് അപേക്ഷിക്കാം. വിധവ പുനർവിവാഹിതയായാൽ തുടർന്ന് പെൻഷൻ അനുവദിക്കുകയില്ല.*

*3.* വികലാംഗ പെൻഷൻ - പ്രതിമാസ പെൻഷൻ 140/- രൂപ

*3.1. പ്രതിമാസ കുടുംബ വരുമാനം 500 രൂപയിൽ കവിയരുത്.*
*3.2. അപേക്ഷകന്റെ മാസവരുമാനം 250/- രൂപയിൽ കവിയരുത്.*
*3.3. മന്ത്, ബധിരത, അന്ധത, മൂകത, അംഗഭംഗം, ബുദ്ധിമാന്ദ്യം എന്നീ വൈകല്യങ്ങൾ ഉള്ളവർക്ക് വികലാംഗ പെൻഷന് അപേക്ഷിക്കാം.*
*3.4. വികലാംഗത 40 ശതമാനത്തിലധികം ഉണ്ടായിരിക്കണം. വികലാംഗത തെളിയിക്കുന്നതിന് പ്രൈമറി ഹെൽത്ത് സെന്റർ ഡോക്ടറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കണം.*

4. അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ പദ്ധതി - പ്രതിമാസം 110/- രൂപ

*4.1. അവിവാഹിതരും സാമ്പത്തികമായി പിന്നോക്കം നിൽനിൽക്കുന്നവരും അമ്പത് വയസ്സിൽ കൂടുതൽ പ്രായമുള്ളവരുമായ സ്ത്രീകൾക്ക് സാമ്പത്തികാശ്വാസം നൽകുന്നു.*
*4.2. കേരള സംസ്ഥാനത്തിനുള്ളിൽ സ്ഥിരതാമസക്കാരായിരിക്കണം.*
*4.3. അപേക്ഷകയുടെ വാർഷിക വരുമാനം 6000/- രൂപയിൽ കവിയാൻ പാടില്ല.*

*5.* ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി - *പ്രതിമാസം 235/- രൂപ്*

*5.1. 65 വയസ്സും അതിനു മുകളിലും ഉള്ളവർക്ക് അപേക്ഷിക്കാം*
*5.2. അപേക്ഷകൻ ദാരിദ്ര്യരേഖയ്ക്ക് താഴെ വരുമാനം ഉള്ളവരായിരിക്കണം.*

6. <u>വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം -</u> 5000/- രൂപ

6.1. വാർഷിക കുടുംബ വരുമാനം 10000/- രൂപയിൽ കവിയാൻ പാടില്ല.

6.2. വിവാഹ തിയതിക്ക് ഒരു മാസത്തിനു മുമ്പ് നിശ്ചിത ഫോറത്തിൽ പഞ്ചായത്തിൽ അപേക്ഷ സമർപ്പിക്കണം.

6.3. തക്കതായ കാരണം കൊണ്ട് അപേക്ഷിക്കാൻ കഴിയാതെ വന്നാൽ കാരണം വ്യക്തമാക്കി മാപ്പപേക്ഷ ഹാജരാക്കണം.

6.4. അപേക്ഷയോടൊപ്പം പരേതൻ അപേക്ഷകയുടെ നിയമാനുസൃത ഭർത്താവും വധുവിന്റെ പിതാവുമായിരുന്നെന്ന് തെളിയിക്കുന്ന നിശ്ചിത ഫോറത്തിലുള്ള സർട്ടിഫിക്കറ്റും വധുവിന്റെ ജനന തിയതി തെളിയിക്കുന്ന സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്.

## <u>തൊഴിൽ രഹിത വേതനം</u> - പ്രതിമാസം 120/- രൂപ

- അപേക്ഷകർ 18-നും 35-നും മധ്യേ പ്രായമുള്ള തൊഴിൽ രഹിതരായ യുവതീ യുവാക്കൾ
- വിദ്യാർത്ഥികളായിരിക്കരുത്, പ്രതിമാസം 100/- രൂപയിൽ കൂടുതൽ വരുമാനം ഉണ്ടാകരുത്
- എസ്.എസ്.എൽ.സി.യോ തത്തുല്യ പരീക്ഷയോ പാസ്സായിരിക്കണം.
- കുടുംബ വാർഷിക വരുമാനം 12000/- രൂപയിൽ കവിയരുത്.
- എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് തുടർച്ചയായി മൂന്നുവർഷം തൊഴിലൊന്നും ലഭിക്കാതെ രജിസ്ട്രേഷൻ നില നിർത്തുന്നവരായിരിക്കണം. (പട്ടികജാതി-പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി. പാസ്സാകണമെന്നില്ല. പരീക്ഷ എഴുതിയാൽ മതി).
- വികലാംഗരായ അപേക്ഷകർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് 18 വയസ്സിനു ശേഷം തുടർച്ചയായി രണ്ട് വർഷത്തെ സീനിയോറിറ്റി മതി.
- എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ ക്യാൻസലായതിനു ശേഷം സർക്കാരിന്റെ/എംപ്ലോയ്മെന്റ് ഡയറക്ടറുടെ പ്രത്യേക ഉത്തരവ് മൂലം പുതുക്കിയവർക്ക് ഈ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കില്ല.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും അലോട്ട്മെന്റ് ലഭ്യമാകുന്നതനുസരിച്ച് ഗുണഭോക്താക്കൾക്ക് വേതനം പഞ്ചായത്തിൽ നിന്നും നേരിട്ട് വിതരണം ചെയ്യുന്നതാണ്.

## <u>ജനന - മരണ രജിസ്ട്രേഷൻ</u>

- ജനനം/മരണം നടന്ന് 21 ദിവസത്തിനകം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യണം
- <u>21 ദിവസം കഴിഞ്ഞ് 30 ദിവസം വരെ</u>
  1 സെക്രട്ടറിയുടെ പ്രത്യേകാനുമതിയോടെ പഞ്ചായത്തിൽ ചെയ്യുന്നു.
- <u>30 ദിവസം കഴിഞ്ഞ് 1 വർഷം വരെ</u>
  1 പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പ്രത്യേകാനുമതിയോടെ രജിസ്റ്റർ ചെയ്യാം.
  2 നിശ്ചിത നിരക്കിലുള്ള സ്റ്റാമ്പൊട്ടിച്ച അപേക്ഷ, സത്യവാങ്മൂലം, മരണ റിപ്പോർട്ട് എന്നിവ സഹിതം പഞ്ചായത്ത് സെക്രട്ടറി വഴി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് അപേക്ഷിക്കണം.
- <u>ഒരു വർഷത്തിനുശേഷം</u>
  1 ആർ.ഡി.ഒ. യുടെ പ്രത്യേകാനുമതിയോടെ

2 *പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടില്ല എന്ന സർട്ടിഫിക്കറ്റ്, മുദ്രപത്രത്തിലുള്ള സത്യവാങ്മൂലം, മരണ റിപ്പോർട്ട് എന്നിവ സഹിതം സ്റ്റാമ്പൊട്ടിച്ച അപേക്ഷ ആർ.ഡി.ഒ. യ്ക്ക് സമർപ്പിക്കണം.*

## ഹിന്ദു വിവാഹ രജിസ്ട്രേഷൻ

- *വിവാഹം നടന്ന് 15 ദിവസത്തിനകം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യണം.*
- 15 ദിവസത്തിനു ശേഷം 30 ദിവസം വരെ
  1 *സെക്രട്ടറിയുടെ പ്രത്യേകാനുമതിയോടെ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യാം.*
- 30 ദിവസത്തിനു ശേഷം
  1 *പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പ്രത്യേകാനുമതിയോടെ രജിസ്റ്റർ ചെയ്യാം.*
  2 *നിശ്ചിത നിരക്കിലുള്ള സ്റ്റാമ്പൊട്ടിച്ച സംയുക്ത അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകൾ സമർപ്പിക്കണം*
    - *പൂരിപ്പിച്ച വിവാഹ റിപ്പോർട്ട് 2 കോപ്പി*
    - *ദമ്പതികൾ ഇപ്പോഴും ഒരുമിച്ച് ജീവിക്കുന്നു എന്ന രണ്ട് ഗസറ്റഡ് ഉദ്യോഗസ്ഥരുടെ സാക്ഷ്യപത്രം*
    - *വധൂവരന്മാരുടെ പേര്, ജനന തിയതി, രക്ഷിതാവിന്റെ പേര്, മതം എന്നിവ തെളിയിക്കുന്ന ആധികാരിക രേഖ (സ്കൂൾ രേഖ/ജനന സർട്ടിഫിക്കറ്റ്) ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയത്*
    - *സെക്രട്ടറിയുടെ വിശദമായ അന്വേഷണ റിപ്പോർട്ട്*

*സെക്രട്ടറി മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്.*

## പഞ്ചായത്തിൽ നിന്നും ലഭ്യമാകുന്ന സാക്ഷ്യപത്രങ്ങൾ

1. കെട്ടിട ഉടമസ്ഥവകാശ സാക്ഷ്യപത്രം
2. താമസക്കാരനാണെന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം
3. വാസയോഗ്യമായ വീടില്ല എന്ന സാക്ഷ്യപത്രം
4. കെട്ടിട പഴക്കം തെളിയിക്കുന്ന സാക്ഷ്യപത്രം
5. ജനന-മരണ സാക്ഷ്യപത്രം
6. ഹിന്ദു വിവാഹ സാക്ഷ്യപത്രം
7. കെട്ടിട നികുതി സംബന്ധിച്ച സാക്ഷ്യപത്രം